**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2709** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.കളിലെ ത്രീഡി.എം. വിഷ്വൽ ടീച്ചിംഗ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ. കളിൽ നടപ്പിലാക്കുവാൻ വിസമ്മതിച്ച ത്രീ ഡി.എം. വിഷ്വൽ ടീച്ചിംഗ് പദ്ധതി പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ. കളിൽ ധൃതിപിടിച്ച് നടപ്പിലാക്കിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല.<br><br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.കളിൽ നടപ്പാക്കിയ ത്രിഡി.എം. വിഷ്വൽ ടീച്ചിംഗ് ക്ലാസ്സ് റും പദ്ധതിക്കു വേണ്ടി കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിൽ വ്യവസായിക പരിശീലന വകുപ്പിലെ വിവിധ ഐ.റ്റി.ഐ.കളിൽ നടപ്പിലാക്കിയതായി പരാമർശിച്ചിരുന്നതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച് വ്യവസായിക പരിശീലന വകുപ്പ് ഡയറക്ടറോട് വിവരം ആരായുകയും ആയതിൻ പ്രകാരം വ്യവസായിക വകുപ്പിന്റെ കീഴിലുള്ള 77 ഐ.റ്റി.ഐ.കളിൽ എം.എം.വി, ഡി/സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷ്യനിസ്റ്റ് എന്നി ട്രേഡുകളിലും, എഞ്ചിനീയറിംഗ് ഡ്രോയിംഗ് വിഷയത്തിലും 3DM Visual Teaching Aid നടപ്പിലാക്കിയിട്ടുണ്ടെന്നും ഒരു ടച്ചിംഗ് ടൂൾ എന്ന നിലയിൽ ഗുണപ്രദമാണെന്നും സംസ്ഥാന തലത്തിൽ ഏകീകൃത രീതിയിൽ പരിശീലനം നൽകാനും വിഷ്വൽസ് ഉള്ളതിനാൽ യന്ത്രഭാഗങ്ങളെ കുറിച്ച് വിശദമായി മനസ്സിലാക്കാനും കഴിയുന്നുണ്ടെന്നും വ്യവസായിക വകുപ്പ് ഡയറക്ടർ അറിയിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ഐ.റ്റി.ഐ.കളിലും ടി പദ്ധതി നടപ്പിലാക്കാനുള്ള ശുപാർശ സമർപ്പിക്കുകയും, ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ഐ.റ്റി.ഐ.കളിൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയുടെ കരാർ ആണ് ഒപ്പ് വച്ചിട്ടുള്ളത്; ഏത് ഏജൻസിയുമായാണ് കരാർ ഒപ്പ് വച്ചിട്ടുള്ളത്; പദ്ധതിയുമായി ബന്ധപ്പെട്ട് | (ബി) | പ്രസ്തുത പദ്ധതിക്കായി 4,81,00,610/- രൂപയുടെ കരാർ ആണ് രണ്ട് MOUകൾ പ്രകാരം കെൽട്രോൺ എന്ന ഏജൻസിയുമായി ഒപ്പ് |

| | | | |
|---|---|---|---|
| | എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച നൽകുമോ; | | വച്ചിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിശദാംശം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | 2017 മുതൽ നാളിതുവരെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ വർഷവും നൽകിയിട്ടുള്ള വാർഷിക മെയിന്റനൻസ് ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | 2017 മുതൽ വാർഷിക മെയിൻ്റനൻസ് ഫീസായി തുക ഒന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ